പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4744 | 28.06.2013 ൽ മറുപടിയ്ക്ക് |
|---|---|
| മാതൃകാ അംഗൻവാടി പദ്ധതി | |
| ചോദ്യം | ഉത്തരം |
| ശ്രീ. ജി. സുധാകരൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ഏതു പഞ്ചായത്തിനാണ് മാതൃകാ അംഗൻവാടി അനുവദിച്ചത് ; | (എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ അംഗൻവാടി നമ്പർ: 52 നെ മാതൃകാ അംഗൻവാടിയാക്കി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഒരു മാതൃകാ അംഗൻവാടിയ്ക്ക് എന്ത് തുകയാണ് ചെലവ് വരുന്നത്; | (ബി) 1584 ചതുരശ്ര അടി വിസ്തീർണ്ണത്തിന്റെ രണ്ട് നിലകളിലായി പണിയാൻ ഉദ്ദേശിക്കുന്ന മാതൃകാ അംഗൻവാടിയ്ക്ക് 17 ലക്ഷം രൂപ സർക്കാരിൽ നിന്നും 6,75,000/ രൂപ എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുമാണ് വഹിക്കുന്നത്. മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ആകെ 23,75,000/ രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| (സി) മാതൃകാ അംഗൻവാടിക്കുവേണ്ടി വരുന്ന മൊത്തം ചെലവിൽ എത്രയാണ് എം. എൽ.എ . ഫണ്ടിൽ നിന്നും ലഭ്യമാക്കേണ്ടത് ; വിശദമാക്കുമോ ? | (സി) മാതൃകാ അംഗൻവാടിക്കുവേണ്ടി വരുന്ന മൊത്തം ചെലവിൽ നിന്നും 6,75,000/ രൂപ എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ